# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി II
## (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും
## (LAND REVENUE AND DEVASWOM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## ആറാമത് റിപ്പോർട്ട്
## (2026 -2027)

## SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2026 -2027)

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February, 2026)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി II**
**(SUBJECT COMMITTEE II)**

# ഭൂനികുതിയും ദേവസ്വവും
# (LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്
(2026 -2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)

180/2026.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)
# (2026 -2027)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. കെ. രാജൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. വി. എൻ. വാസവൻ.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. അഹമ്മദ് ദേവർകോവിൽ

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സൺ ആയ ഞാൻ സമർപ്പിക്കുന്നു.

2026 ഫെബ്രുവരി 11-ാം തീയതി സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾകൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു .

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | _ | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ XI | _ | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | _ | പലവക സാമ്പത്തിക സർവ്വീസുകൾ |

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു .

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

കെ . രാജൻ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി II.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI- ഭൂനികുതി

വോട്ട് ചെയ്തത് : 1183.5527 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1.28 ലക്ഷം രൂപ

2029-00-101-99-05-1—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - 9.45 ലക്ഷം രൂപ (നോൺ പ്ലാൻ)

1. വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-101-99-06—വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം - 115.07 ലക്ഷം രൂപ (നോൺ പ്ലാൻ)

2. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിട നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള കുടിശ്ശിക തുക അടച്ചുതീർക്കുന്നതിനും, വിവിധ വില്ലേജ് ഓഫീസുകളുടെ വസ്തു നികുതിയും വാടകയും നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2029-00-103-95—ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം - 18.6 കോടി രൂപ (പ്ലാൻ)

3. ഭൂരേഖ നവീകരണ പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2026-2027 സാമ്പത്തിക വർഷത്തിൽ സർവ്വേ വകുപ്പ് സമർപ്പിച്ച പ്ലാൻ പ്രൊപ്പോസൽ പ്രകാരമുള്ള 61.02 കോടി രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കൂടാതെ, ബഹു.ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ **'എന്റെ ഭൂമി'** പദ്ധതിക്കായി പ്രഖ്യാപിച്ച 26.80 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു സമിതി മനസ്സിലാക്കുന്നു ആയതിനാൽ മേൽ ശീർഷകത്തിൽ 26.80 കോടി രൂപ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

| | | |
|---|---|---|
| വോട്ടു ചെയ്യുന്നത് | : | 1132.8269 കോടി രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | 1.5971 കോടി രൂപ |

2053-00-093-99-04-2—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും-യാത്രാചെലവുകൾ-സ്ഥലംമാറ്റ ബത്ത</u>

ബഡ്ജറ്റ് വിഹിതം - 20.25 ലക്ഷം രൂപ (നോൺ പ്ലാൻ)

5. ഐ.എ.എസ് . ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2053-00-093-99-04-4—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും- യാത്രാചെലവുകൾ - അവധി യാത്രാനുകൂല്യം</u>

ബഡ്ജറ്റ് വിഹിതം - 5 ലക്ഷം രൂപ (നോൺ പ്ലാൻ)

6. ഐ.എ.എസ് . ഓഫീസർമാരുടെയും ജീവനക്കാരുടെയും അവധി യാത്രാനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2053-00-093-99-05-1—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും-ഓഫീസ് ചെലവുകൾ -വെള്ളക്കരം</u>

ബഡ്ജറ്റ് വിഹിതം - 46.31 ലക്ഷം രൂപ (നോൺ പ്ലാൻ)

7. 2025-2026 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ കുടിശ്ശിക അടയ്ക്കുന്നതിനുള്ള തുക അപര്യാപ്തമായതിനാൽ <u>ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2053-00-093-99-06—<u>കളക്ടർമാരും മജിസ്ട്രേറ്റുമാരും -വാടക, കരം, നികുതി</u>

ബഡ്ജറ്റ് വിഹിതം - 35 ലക്ഷം രൂപ (നോൺ പ്ലാൻ)

8. ഐ. എ. എസ് . ഉദ്യോഗസ്ഥർ താമസിക്കുന്ന കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും, റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കെട്ടിടനികുതി

ഒടുക്കുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2053-00-094-99-05-1—താലൂക്ക് ഓഫീസുകൾ-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം - 19.80 ലക്ഷം രൂപ (നോൺ പ്ലാൻ)

9. താലൂക്ക് ഓഫീസുകളിലെ വെള്ളക്കരം ഇനത്തിൽ 2025-2026 സാമ്പത്തിക വർഷത്തെ കുടിശ്ശിക അടയ്ക്കാതിരുന്നാൽ ആയത് താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നും, ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2053-00-094-99-05-2—താലൂക്ക് ഓഫീസുകൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം - 1.9965 കോടി രൂപ (നോൺ പ്ലാൻ)

10. താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അടയ്ക്കാതിരുന്നാൽ പ്രസ്തുത സാഹചര്യം താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും വിലയിരുത്തിയ സമിതി, താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2053-00-094-99-06—താലൂക്ക് ഓഫീസുകൾ - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം - 38 ലക്ഷം രൂപ (നോൺ പ്ലാൻ)

11. 2025-2026 സാമ്പത്തിക വർഷത്തെ കുടിശ്ശിക അടയ്ക്കുന്നതിനും താലൂക്ക് ഓഫീസുകളുടെ കെട്ടിട വാടക നൽകുന്നതിനും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കെട്ടിട നികുതി ഒടുക്കുന്നതിനുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം

<u>വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.</u>

2053-00-094-37—<u>സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്</u>

ബഡ്ജറ്റ് വിഹിതം - 50 ലക്ഷം രൂപ (പ്ലാൻ)

12. ദുരന്തനിവാരണ പരിശീലനങ്ങൾക്കായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി SDRF-ൽ നിന്നും നൽകിയ തുക വിനിയോഗിച്ചാണ് നിലവിൽ പ്രാദേശിക പരിശീലനങ്ങൾ നടത്തിവരുന്നതെന്നും, SDRF-ൽ നിന്ന് പുതിയ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ ദുരന്ത മുന്നൊരുക്ക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ പദ്ധതിവിഹിതമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, <u>മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.</u>

2053-00-094-35—<u>കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കൈല)</u>

ബഡ്ജറ്റ് വിഹിതം - 1.36 കോടി രൂപ (പ്ലാൻ)

13. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺ പ്ലാൻ വിഹിതം ഇല്ലാത്തതിനാൽ ശമ്പളം തുടങ്ങിയ ഭരണപരമായ ചെലവുകളും പ്ലാൻ വിഹിതത്തിൽ നിന്നാണ് വഹിക്കുന്നതെന്നും നിലവിൽ നിരവധി പദ്ധതികൾ കൈലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി കൈലയുടെ വളർച്ചയ്ക്കായും പദ്ധതി നിർവ്വഹണത്തിനായും <u>മേൽ ശീർഷകത്തിൽ പ്ലാൻ വിഹിതത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.</u>

14. കൂടാതെ, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നിലവിൽ നോൺ പ്ലാൻ ശീർഷകവും ഫണ്ടും അനുവദിച്ചിട്ടില്ലെന്നും, ശമ്പളം, മറ്റു ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും മനസ്സിലാക്കിയ സമിതി, 2022-23, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പായ പൊതുഭരണ വകുപ്പിനെ അറിയിച്ചിരുന്നുവെങ്കിലും, 2026-27 സാമ്പത്തിക വർഷത്തിലും കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിച്ചിട്ടില്ല എന്നത് സമിതി ഗൗരവമായി കാണുന്നു. ആകയാൽ കേരള

യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺപ്ലാൻ ശീർഷകം അനുവദിക്കണമെന്നും 25 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2250-00-102-99-04-1—1951-ലെ മദ്രാസ് എച്ച് .ആർ ആന്റ് സി.ഇ.നിയമം നടപ്പാക്കൽ- യാത്രാചെലവുകൾ- യാത്രാബത്ത

ബഡ്ജറ്റ് വിഹിതം - 4.5 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ)വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണർമാർ, വെരിഫിക്കേഷൻ ഓഫീസർമാർ, ഡിവിഷണൽ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥർക്കും, ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഇന്റേണൽ വിജിലൻസ് വിങ്ങിലെ ഉദ്യോഗസ്ഥർക്കും ധാരാളം ഔദ്യോഗിക യാത്രകൾ ആവശ്യമായി വരുന്നതിനാൽ യാത്രാ ബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-102-99-04-2—1951-ലെ മദ്രാസ് എച്ച് .ആർ ആന്റ് സി.ഇ.നിയമം നടപ്പാക്കൽ- യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം - 30,000 രൂപ (നോൺ പ്ലാൻ)

16. ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 1.7 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-102-99-04-4—1951-ലെ മദ്രാസ് എച്ച് .ആർ ആന്റ് സി.ഇ. നിയമം നടപ്പാക്കൽ- യാത്രാചെലവുകൾ-അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം - 50,000 രൂപ (നോൺ പ്ലാൻ)

17. ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപ അപര്യാപ്തമാണെന്ന്

മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-99—ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ള സഹായം

ബഡ്ജറ്റ് വിഹിതം - 1.5 കോടി രൂപ (നോൺ പ്ലാൻ) (ചാർജ്ജ് ചെയ്തത്)

18. 6.12.2003-ലെ സ.ഉ.(കൈ)നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ യഥാക്രമം 80 ലക്ഷം രൂപ, 20 ലക്ഷം രൂപ എന്നിങ്ങനെ ആകെ നൽകി വരുന്ന 1 കോടി രൂപ 23 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കാണെന്നും, പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ആന്വൽ കോൺട്രിബ്യൂഷൻ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും കുടിശ്ശിക നൽകാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു ആയതിനാൽ ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 49.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-98—കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം - 1.5 കോടി രൂപ (നോൺ പ്ലാൻ)

19. കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ സംരക്ഷണം, ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി, ധനപുനർവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 50.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-91—മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന

ബഡ്ജറ്റ് വിഹിതം - 1 ലക്ഷം രൂപ (നോൺ പ്ലാൻ)

20. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള പെൻഷനും ആനുകൂല്യങ്ങളും

നൽകുന്നതിനുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-89—വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം - 90 ലക്ഷം രൂപ (നോൺ പ്ലാൻ)

21. വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2250-00-103-87—മലബാർ ദേവസ്വം ബോർഡ്

ബഡ്ജറ്റ് വിഹിതം - (31) സഹായധനം-ശമ്പളം-28.7615 കോടി രൂപ (നോൺ പ്ലാൻ)
(36) സഹായധനം-ശമ്പളേതരം-12.2936 കോടിരൂപ (നോൺപ്ലാൻ)

ആകെ - 41.0551 കോടി രൂപ (നോൺ പ്ലാൻ)

22. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക, ശമ്പള അഡ്വാൻസ് എന്നിവ നൽകുന്നതിനും കൂടാതെ, ബോർഡിന് കീഴിൽ വരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള സഹായധനത്തിനും, ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെ ബോർഡിന്റെ മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും, 2250-00-103-87-36 എന്ന ശീർഷകത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-86—ഉത്തരമലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ അലവൻസ്

ബഡ്ജറ്റ് വിഹിതം - 5.3 കോടി രൂപ (നോൺ പ്ലാൻ)

23. ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ നിലവിലുള്ള 1,544 ആചാരസ്ഥാനികർ, 368 കോലധാരികൾ, കൂടാതെ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനും 2025-26 സാമ്പത്തികവർഷത്തെ കുടിശ്ശിക നൽകുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-85-36—മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ-സഹായധനം -ശമ്പളേതരം

ബഡ്ജറ്റ് വിഹിതം - 5.94 ലക്ഷം രൂപ (നോൺ പ്ലാൻ)

24. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ നടത്തുന്നതിന് അനുവദിച്ചിരിക്കുന്ന ഫണ്ട് അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 44.06 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-80—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം - 1 കോടി രൂപ (നോൺ പ്ലാൻ)

25. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് എട്ടു കോടിയോളം രൂപ നൽകുവാനുണ്ടെന്നും, കൊച്ചിൻ ദേവസ്വം ബോർഡും കൂടൽമാണിക്യം ദേവസ്വവും കുളം, കാവ് എന്നിവയുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കൂടാതെ, 2026-ലെ സ.ഉ(സാധാ)നം.66/2026/റവ. നമ്പർ ഉത്തരവ് പ്രകാരം പൈതൃക കേന്ദ്രങ്ങളായ പതികൾ, കളരിസ്ഥാനങ്ങൾ എന്നിവയുടെ സംരക്ഷണം/ പുനരുദ്ധാരണത്തിനായി 2026-27 സാമ്പത്തിക വർഷം മുതൽ 10 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ദേവസ്വം ബോർഡുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇവയ്ക്കായി അധിക തുക ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-77—കോവിഡ് 19 മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം

ബഡ്ജറ്റ് വിഹിതം - 1000 രൂപ (നോൺ പ്ലാൻ)

26. കൂടൽമാണിക്യം ദേവസ്വത്തിലെ കാലപ്പഴക്കം ചെന്ന ഊട്ടുപുര, ഭണ്ഡാരപുര, ദേവസ്വം ഓഫീസ് തുടങ്ങിയവയുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. 2019-ൽ കോവിഡിനോട് അനുബന്ധിച്ചുള്ള ധനസഹായം അനുവദിക്കുന്നതിനാണ് ഈ ശീർഷകം നിലവിൽ വന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. കോവിഡ് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിന്റെ പേര് **'കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക ധനസഹായം'** എന്ന് പുനർനാമകരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-103-76—ശബരിമല ശുചീകരണ പ്രവൃത്തികൾ

ബഡ്ജറ്റ് വിഹിതം - 1.4689 കോടി രൂപ (നോൺ പ്ലാൻ)

28. ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.49047 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2250-00-188-99-31—കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് - സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം - 1.7767 കോടി രൂപ (നോൺ പ്ലാൻ)

29. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകളുമായി ബന്ധപ്പെട്ട് ചെലവുകൾക്ക് മാത്രമാണ് തനത് ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതെന്നും, ജീവനക്കാരുടെ ശമ്പള ചെലവുകൾ നിർവഹിക്കുന്നതിനായി പര്യാപ്തമായ തുക ലഭ്യമാകാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുടർച്ചയായി തുക ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ആയത് റിക്രൂട്ട്മെന്റ് പ്രക്രിയയെ സാരമായി ബാധിക്കുന്നുവെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII – പലവക സാമ്പത്തിക സർവീസുകൾ

വോട്ടു ചെയ്യുന്നത് : 6268.108 കോടി രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

5475-00-800-77-(03)—ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ / പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം - 1.7 കോടി രൂപ ( പ്ലാൻ )

30. തിരുവനന്തപുരം, കോഴിക്കോട് , തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിലെ സർവ്വേ ട്രെയിനിങ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ആധുനികവൽക്കരണത്തിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കെ. രാജൻ,**
*ചെയർപേഴ്സൺ*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 16.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.